പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6252** 07.11.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.ക്ക് വാടകയിനത്തിൽ ലഭിക്കുന്ന തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്ആർ.ടി.സി.യ്ക്ക് ഡിപ്പോകളിലെ കെട്ടിട വാടകയിനത്തിൽ പ്രതിമാസം എത്ര തുക ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടകയിനത്തിൽ പ്രതിമാസം 63,96,180 (അറുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുനൂറ്റി എൻപത്) രൂപ ലഭിച്ച് വരുന്നു. |
| (ബി) | ഡിപ്പോകളിൽ കെട്ടിടങ്ങൾ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടപ്പുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | ഡിപ്പോകളിൽ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.<br>കാട്ടാക്കട യൂണിറ്റിൽ<br>ആകെ കടമുറികൾ 32-ഉം ഗോഡൗൺ സ്പെയ്സ് 3 എണ്ണവും ഓഫീസ് സ്പെയ്സ് 2 എണ്ണവും ഉള്ളതിൽ ഓഫീസ് ബ്ലോക്ക് 1 ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്.<br><br>നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ 30 മുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്.<br><br>നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികൾ ഉള്ളതിൽ 24 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്.<br><br>പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികൾ ഉള്ളതിൽ 17 എണ്ണത്തിന് ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | കണ്ണൂർ വാണിജ്യ സമുച്ചയത്തിൽ ആകെ 46 മുറികളാണ് ഉള്ളത്. അതിൽ 37 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തുകയും ബാക്കിയുള്ള 9 മുറികൾ കെ.എസ്.ആർ.ടി.സി.യുടെ ഓഫീസായി ഉപയോഗിച്ച് വരികയുമാണ്.<br><br>കൊട്ടാരക്കര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 34 എണ്ണവും ഒരു ഹാളുമാണ് ഉള്ളത്. ഇതിൽ 34 കടമുറികൾക്കും ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ഒരു ഹാളുമാത്രമാണ് അവശേഷിക്കുന്നത്.<br><br>കാസർഗോഡ് യൂണിറ്റിൽ ആകെ കടമുറികൾ 73 എണ്ണം ഉള്ളതിൽ 71 മുറികൾക്ക് ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്.<br><br>മറ്റു യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന കടമുറികൾ ഒഴിവ് വരുന്ന മുറയ്ക്ക് ലേലം / ടെണ്ടർ നടപടികളിലൂടെ പുതിയ ലൈസൻസിയെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ